ന്നേറ്റു; അവൾ ബഹളം വച്ചു, അതുകേട്ട് അവിടെ എത്തിയ റോയിയുടെ ഭാര്യ ഷീബ ഇത് തടയുന്നതിനുപകരം ബിന്ദുവിന്റെ കരണത്തടിച്ച് അവരുടെ വക ഒരു മർദ്ദനവും നടത്തി. അടിക്കേണ്ടത് റോയിയുടെ കരണത്താണ്. അതേത്തുടർന്ന് ബിന്ദുവിനെ വീട്ടുതടങ്കലിൽ പാർപ്പിക്കുകയായിരുന്നു. 1-7-99-ന് ഉച്ചയ്ക്ക് ഒന്നര മണിയോടെ ശരീരത്തിൽ മണ്ണെണ്ണ ഒഴിച്ച് സ്വയം തീകൊളുത്തി, മാനം കെട്ടിട്ട് ജീവിക്കുന്നതിനേക്കാൾ നല്ലത് മരണമാണെന്ന് കരുതി ആ ആദിവാസി ബാലിക. പൊള്ളലേറ്റ ബിന്ദുവിനെ തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയ്ക്കായി കൊണ്ടുപോയി. കുന്ദംകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ബിന്ദുവിന്റെ മൊഴി രേഖപ്പെടുത്തി, ആ മൊഴിയിൽ ഈ വിവരങ്ങൾ എല്ലാം ബിന്ദു പറയുകയുണ്ടായി. 1989-ലെ പട്ടിക ജാതി/പട്ടികവർഗ്ഗ പീഡന നിരോധന നിയമം ഉൾപ്പെടെ ഇൻഡ്യൻ പീനൽകോഡിലെ വിവിധ ഗൗരവമായ വകുപ്പുകൾ ഉൾപ്പെടുത്തി ക്രൈം 355/99-ാം നമ്പരായി കുന്ദംകുളം പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം തുടരുകയും ചെയ്യുകയാണ്. ബിന്ദു 4/7/99-ന് രാത്രി 10.45-ന് മരണപ്പെട്ടു. കുന്നംകുളം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് കേസ്സ് അന്വേഷണം ഏറ്റെടുത്തിട്ടുണ്ട്. ഈ കേസിലെ മുഖ്യ പ്രതി ഡി.വൈ.എസ്. പി.യുടെ മുമ്പിൽ നേരിട്ട് ഹാജരായി, 6-7-99-ന് അറസ്റ്റ് ചെയ്തു. ഇതൊന്നും മറച്ചുവയ്ക്കുന്നില്ല. എപ്പോഴാണ് ഒരു പ്രതി ഹാജരാകുന്നത് എന്നു ചോദിച്ചാൽ നാലുഭാഗവും വളയപ്പെട്ടുകഴിഞ്ഞാൽ, പ്രതിക്ക് രക്ഷപ്പെടാൻ നിർവാഹമില്ലെന്നു കാണുമ്പോഴാണ് ഹാജരാകുന്നത്. പ്രതിയെ അറസ്റ്റു ചെയ്തോ എന്നാണ് കസ്റ്റ്യൻ, ഹാജരായാൽ നീ പൊയ്ക്കോ, ഞങ്ങൾ വന്ന് അന്വേഷിച്ചു കൊള്ളാം എന്നു പറയണമോ? എന്താ ഈ പറയുന്നത്, കുഴപ്പമുണ്ടോ ഇല്ലയോ എന്നത് 'ശേഷം വെള്ളിത്തിരയിൽ' കാണാം, പ്രതിയെ അറസ്റ്റു ചെയ്തിട്ടുണ്ട്. ആറാം തീയതിയാണ് പ്രതി ഹാജരായത്, ഏഴാം തീയതി കോടതിയിൽ ഹാജരാക്കും. ഇതൊക്കെ ഇൻവെസ്റ്റിഗേഷന്റെ ഭാഗമാണ്, ഇതിൽ ആരൊക്ക ബന്ധപ്പെട്ടിട്ടുണ്ടോ, അവരുടെ പേരിൽ സീരിയസ് ആയി കേസ്സ് എടുക്കും. മാതൃകാപരമായി കേസ്സ് നടത്തും, ഇങ്ങനെയുള്ള സംഭവം ആവർത്തിക്കാതിരിക്കാൻ മാതൃകാപരമായ നടപടി അതർഹിക്കുന്ന ഗൗരവത്തോടുകൂടി ഗവൺമെന്റ് എടുക്കുന്നതാണ്, ഈ പൈശാചിക നടപടിയെ അപലപിക്കുന്നു. ദുഃഖമുണ്ട്, ഗവൺമെന്റിന് പ്രതിഷേധമുണ്ട്, ശക്തമായ നടപടി എടുക്കുകയും ചെയ്യും.

(3) ആറന്മുളയിലെ ശോഭന എന്ന സ്ത്രീയുടേയും മകൾ ഉപാസനയുടേയും തിരോധാനം

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സർ, എന്റെ നിയോജകമണ്ഡലത്തിലെ ആറന്മുള വില്ലേജിൽ ഇടയാറന്മുള മുറിയിൽ പാടുതറ വീട്ടിൽ മൈലൻ മകൻ പി.എൻ. രാജന്റെ ഭാര്യ സി.കെ. ശോഭനയേയും ഉപാസനയെന്ന മൂന്നു വയസ്സുള്ള മകളെയും 10-5-99 രാവിലെ 7 മണി മുതൽ കാണാതായതും അവരെ ജോലി വാങ്ങിക്കൊടുക്കാമെന്നു പറഞ്ഞ് പ്രലോഭിപ്പിച്ച് കോൺഗ്രസ് (ഐ) കോഴിക്കോട് ജില്ലാ സെക്രട്ടറിയായ ഗോപാലൻ തട്ടിക്കൊണ്ടുപോയതായും ആരോപിച്ച് രാജൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 10-6-99-ന് ഒരു പരാതി നൽകിയിരുന്നുവെന്നും 29-6-99-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകാൻ എന്നെ ഏൽപ്പിച്ച പരാതിയിൽ പറയുന്നു. രാജൻ കോട്ടയം ജില്ലയിൽ മണിമല പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ആയിരുന്നപ്പോഴാണ്

LIBRARY ARCHIVES Kerala Legislative Assembly

ഭാര്യയേയും മകളെയും ഗോപാലൻ തട്ടിക്കൊണ്ടുപോയതെന്നും മണിമല പോലീസ് സ്റ്റേഷനിൽ പരാതി നൽകിയെന്നും എന്നാൽ പോലീസ് അന്വേഷണം ഒന്നും നടത്തിയില്ലെന്നും, അതിനുശേഷം വനിതാകമ്മീഷന് പരാതി നൽകിയെന്നും പറയുന്നുണ്ട്. ഭാര്യയേയും കുട്ടിയേയും അന്വേഷിച്ച് രാജൻ ബന്ധുഗൃഹങ്ങളിൽ പോയെങ്കിലും വിവരമൊന്നും ലഭിച്ചില്ല. കോഴിക്കോട് ഉണ്ടെന്ന് ഒരു സൂചന കിട്ടിയതനുസരിച്ച് രാജൻ അവിടെയൊക്കെ അന്വേഷിച്ചു, നഗരത്തിലുള്ള കേരളാഭവൻ എന്ന ലോഡ്ജിൽ തന്റെ ഭാര്യയേയും ഗോപാലനേയും കണ്ടു എന്ന് രാജൻ പറഞ്ഞു, ഗോപാലനോടൊപ്പമുള്ള സ്ത്രീ തന്റെ ഭാര്യയാണെന്നും പോലീസിനെ വിളിക്കണമെന്നും ലോഡ്ജുകാരോട് ആവശ്യപ്പെട്ടപ്പോൾ അവർ രാജനെ വിരട്ടിയോടിച്ചു എന്നാണ് പറയുന്നത്. രാജൻ കോഴിക്കോട് കസ്ബ സ്റ്റേഷൻ എസ്.ഐയ്ക്കും, നടക്കാവ് പോലീസ് ഇൻസ്പെക്ടർക്കും സിറ്റി പോലീസ് കമ്മിഷണർക്കും പരാതി നൽകിയതായി പറയുന്നു. ലോഡ്ജിൽ റെയിഡ് നടത്തിയെന്നും ഫലമുണ്ടായില്ലെന്നും പരാതിയുണ്ട്. 27-6-99-ന് മണിമല പോലീസ് കോഴിക്കോട്ടെ ഏതോ ലോഡ്ജിൽനിന്ന് തന്റെ ഭാര്യയേയും കുഞ്ഞിനേയും കസ്റ്റഡിയിൽ എടുത്തുവെന്ന് അറിയാൻ കഴിഞ്ഞു എന്നും അവരെ കോടതിയിൽ ഹാജരാക്കുകയോ തനിക്ക് വിട്ടുകിട്ടുകയോ ചെയ്തിട്ടില്ലായെന്നും രാജൻ പറയുന്നു. തന്റെ ഭാര്യയും കുട്ടിയും എവിടെയുണ്ടെന്ന് രാജന് അറിയില്ല. അയാളെ കള്ളക്കേസ്സിൽ കുടുക്കാൻ മണിമല പോലീസ് ശ്രമിക്കുന്നതായി രാജൻ പരാതിപ്പെട്ടു, തട്ടിക്കൊണ്ടുപോയി എന്ന പരാതിയെ സംബന്ധിച്ച് പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. 12-6-99-ലെ ദേശാഭിമാനിയിലും, 14-6-99-ലെ ചന്ദ്രികയിലും വാർത്ത വന്നിട്ടുണ്ട്, അത് എന്റെ കൈവശമുണ്ട്, രാജന്റെ ഭാര്യ ശോഭനയേയും, മകൾ ഉപാസനയേയും കണ്ടുപിടിച്ച് അയാളെ ഏൽപ്പിക്കുകയും കുറ്റവാളികൾക്കെതിരെ കേസ്സ് എടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കോട്ടയം മണിമല, കരിക്കാട്ടൂർ തളത്തിൽ വീട്ടിൽ രാജൻ ഭാര്യ ശോഭനയേയും മൂന്നു വയസുള്ള കുട്ടിയേയും 10-5-99 മുതൽ കാണാനില്ലെന്ന് 11-6-99-ന് മണിമല പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചു. ഇതു സംബന്ധിച്ച് ക്രൈം 101/99-ാം നമ്പർ ആയി കേസ്സ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിവരികയാണ്. ശോഭനയെ തട്ടിക്കൊണ്ടുപോയതാണെന്ന പരാതി രാജൻ സർക്കാരിന് നൽകിയിരുന്നു. അതു സംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്. ശോഭനയെ കണ്ടെത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സജീവമായ ഇൻവെസ്റ്റിഗേഷൻ നടക്കുകയാണ്. ഇൻവെസ്റ്റിഗേഷന്റെ വിശദാംശങ്ങൾ പൊതുതാൽപ്പര്യം മുൻനിർത്തി വെളിപ്പെടുത്തുന്നത് ശരിയല്ല. ഇൻവെസ്റ്റിഗേഷൻ നടത്തും, നീതിപൂർവമായ നടപടി സ്വീകരിക്കും.

(4) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കുഞ്ഞിമൊയ്തീൻ കുട്ടിയുടെ മരണം

ശ്രീ. നാലകത്തു സൂപ്പി : പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിലേക്ക് ഇന്ന് ബഹുജന മാർച്ച് നടക്കുകയാണ്. അങ്ങാടിപ്പുറം പഞ്ചായത്തിലെ പുത്തനങ്ങാടി എന്ന സ്ഥലത്ത് കഴിഞ്ഞ വെള്ളിയാഴ്ച ഡി.സി.സി. മെമ്പറും മുൻ പഞ്ചായത്ത് പ്രസിഡന്റും ബാങ്ക് ഡയറക്ടറുമായ കുഞ്ഞിമൊ

LIBRARY ARCHIVES Kerala Legislative Assembly